**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1055** **18-09-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ കാട്ടുപന്നി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കാട്ടുപന്നി ആക്രമണം അതിരൂക്ഷമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മാവേലിക്കര മണ്ഡലത്തിന്റെ പരിധിയിലുള്ള പാലമേൽ, നൂറനാട്, വെള്ളിക്കുന്ന്, താമരക്കുളം ഗ്രാമ പഞ്ചായത്തിൽ കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാട്ടുപന്നി ആക്രമണം ഇല്ലായ്മ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷ-ന്മാരെ ഓണററി വൈൽഡ്ലൈഫ് വാർഡനായി ചുമതലപ്പെടുത്തിയും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായി ചുമതലപ്പെടുത്തിയും 1972 ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും, ടി നിയമപ്രകാരം ഷെഡ്യൂൾ II-ൽ പെട്ട കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ചീഫ് വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ്ലൈഫ് വാർഡൻ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിന്റെ കാലാവധി 28.05.2025-ലെ സർക്കാരിന്റെ (കൈ)നം. 17/2025-വനം ഉത്തരവ് പ്രകാരം 28.08.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിനായി എംപാനൽ ഷൂട്ടർമാരുടെ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള-തുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ഈ അധികാരം ഉപയോഗിച്ച് മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ പഞ്ചായത്തുകൾ നാളിതുവരെ 39 കാട്ടു പന്നികളെ കൊന്ന് ഇല്ലായ്മ ചെയ്തിട്ടുള്ളതാണ്.<br><br>കൂടാതെ, അപകടകാരികളായ കാട്ടുപന്നികളെ കൊല്ലുന്നതിന് അംഗീകൃത ഷൂട്ടർമാർക്കുള്ള |

| | | | |
|---|---|---|---|
| | | | ഓണറേറിയം 1500 രൂപാ നിരക്കിലും, കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം മറവു ചെയ്യുന്നതിനുള്ള ചെലവിനത്തിൽ 2000 രൂപയും സംസ്ഥാന ദുരന്തനി-വാരണ അതോറിറ്റിയുടെ ഫണ്ടിൽ നിന്നും വകയി-രുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നൽകുവാൻ GO(Rt) No. 108/2025/DMD തീയതി 06/03/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ